"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 890 10.6.2019 ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണം

| ചോദ്യം<br>ശ്രീ.ജി.എസ് ജയലാൽ | | ഉത്തരം<br>ശ്രീ. കെ.രാജു(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി ) | |
|---|---|---|---|
| (എ) | സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിവരുന്ന സുപ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി പ്രകാരം ലോക പരിസ്ഥിതി ദിനമായ ജൂൺ 5 നോടനുബന്ധിച്ച് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. വനത്തിനു പുറത്തുള്ള പൊതു സ്ഥലങ്ങളിലും, സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു വരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രീസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം, തുടങ്ങിയ പദ്ധതികളും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് നടപ്പാക്കി വരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വന വൽക്കരണം പ്രോൽസാഹിപിക്കുന്നതിനും. കാവ്. |

| | | | |
|---|---|---|---|
| | | | കണ്ടൽ വനങ്ങൾഎന്നിവ സംരക്ഷിച്ച് പരിപാലിച്ചു പോരുന്ന വ്യക്തി/ സംഘടനകൾക്കുമുള്ള പ്രോൽസാഹന ധനസഹായം, വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽക്കരണത്തിന്റ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഘകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗര വനവത് കരണത്തിന്റ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കി വരുന്നവയാണ്. |
| (ബി) | കാലാവസ്ഥാവ്യതിയാനം മൂലം അന്തരീക്ഷതാപം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ആയതിനെ പ്രതിരോധിക്കുന്നതിൽ വൃക്ഷങ്ങൾക്കുള്ള പ്രാധാന്യം പാതെജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സാമൂഹിക വനവൽക്കരണ വിഭാഗവും വനം വകുപ്പും എന്തെല്ലാം ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമാ; | (ബി) | ആഗോളതാപനത്തിന് മരം ആണ് മറുപടി എന്നത് മുൻനിർത്തി പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റ ഭാഗമായി ജൂൺ 5-ന് പൊതു ജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ.യ്ക്കും സൗജന്യമായി |

| | | | |
|---|---|---|---|
| | | | വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. എന്റെ മരം, നമ്മുടെ മരം പദ്ധതി പ്രകാരവും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തു വരുന്നു. കാവ് സംരക്ഷണത്തിനും സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണത്തിനും , കണ്ടൽ വെച്ചുപിടിപ്പിക്കുന്നതിനും സർക്കാർ അനുമതി പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഔഷധത്തോട്ടം, നക്ഷത്രവനം, എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. വന വൽക്കരണത്തിന്റെയും, പരിസ്ഥിതി സംരക്ഷത്തിന്റെയും പ്രാധാന്യത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകളും , നേച്ചർ ക്യാമ്പുകളും, സെമിനാറുകൾ, ശിൽപശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും, ക്യാഷ് അവാർഡുകളും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് വന സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തിവരുന്നുണ്ട്. മികച്ച ജൈവ വൈവിധ്യ സംരക്ഷണപ്രവർത്തനം നടത്തുന്നവർക്ക് വനമിത്ര അവാർഡ് നൽകിവരുന്നു. |

| | | | |
|---|---|---|---|
| (സി) | സാമൂഹ്യ വനവൽക്കരണത്തിന് ഏറെ സാധ്യതയുള്ള ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇതിനായി ഒരു ഓഫീസ് അനുവദിക്കുമോ എന്നറിയിക്കാമോ ; | (സി) | ചാത്തന്നൂർ നിയോജകമണ്ഡലം കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ ഉൾപ്പെട്ട സ്ഥലമാണ്. ടി സ്ഥലത്ത് പുതിയൊരു ഓഫീസ് അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ